# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1021 06.06.2018 ലെ മറുപടി**

**ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജ്യുവനേഷൻ ഓഫ് റിവേഴ്സ്**


ചോദ്യം

ശ്രീ.പി.കെ.ബഷീർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ്:

മറുപടി

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)


(എ) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജ്യുവനേഷൻ ഓഫ് റിവേഴ്സ് എന്ന മാർഗ്ഗനിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എ) നദികളുടെ സമഗ്ര പാരിസ്ഥിതിക പുനഃസ്ഥാപനത്തിനായി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ ഇൻറഗ്രേറ്റഡ് ആൻറ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റീജ്യുവനേഷൻ ഓഫ് റിവേഴ്സ് – കരട് എന്ന പേരിലുള്ള മാർഗ്ഗ രേഖ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിൽ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന "നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ"-ൽ വിഭാവനം ചെയ്യിട്ടില്ലാത്ത ഘടകങ്ങളായ "നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്", നദീതടപരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീതീര വനവത്കരണം, ഭൂജല പോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളിലൂടെ നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യം ഇല്ലാതാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ സുസ്ഥിര ഇക്കോ ടൂറിസം നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുക, കുറഞ്ഞ അളവിൽ ജലം ഉപയോഗിക്കുന്ന വിളകൾ/കൃഷിരീതി കൊണ്ടു വരിക, വ്യാവസായിക സ്ഥാപനങ്ങളിൽ സീറോ-ഡിസ്ചാർജ് സംവിധാനം കൊണ്ടു വരികയും ഇതുവഴി ഉപരിതല ജലചൂഷണം ഒഴിവാക്കുക, തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊണ്ട് നദീ പരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പ്രസ്തുത മാർഗ്ഗരേഖയുടെ ലക്ഷ്യം. ഇതിനായി രണ്ടുതരം ഇടപെടൽ മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. (1) നേരിട്ടുള്ള ഇടപെടലുകൾ (ഡയറക്ട് ഇന്റർ വെൻഷൻസ്) (2) നേരിട്ടല്ലാതുള്ള ഇടപെടലുകൾ (ഇൻഡയറക്ട് ഇന്റർവെൻഷൻസ്)

| | | |
|---|---|---|
| (സി) | എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം നദികളുടെ സംരക്ഷണത്തിന്/ വീണ്ടെടുപ്പിനാണ് ഈ പദ്ധതി പ്രകാരമുള്ള കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത മാർഗ്ഗരേഖ കേന്ദ്ര സർക്കാർ അംഗീകരിച്ചതായ അറിയിപ്പ് ജലവിഭവ വകുപ്പിന് നാളിതുവരെ ലഭ്യമായിട്ടില്ല. ടി രേഖ അംഗീകരിച്ചശേഷം മാത്രമേ അതിനനുസരിച്ചുള്ള പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കാൻ കഴിയൂ. |

**സെക്ഷൻ ഓഫീസർ**